# വിവേകാനന്ദ

## എഡ്യൂക്കേഷണൽ & കൾച്ചറൽ ചാരിറ്റബിൾ ട്രസ്റ്റ്


പി.ഒ. പേരാമ്പ്ര, കൊടകര,

ഫോൺ : 8547381548 (രജി. നമ്പർ. 91/4/94)

E-mail : vivekanandatrustperambra@gmail.com

Website : www.vivekanandatrustkodakara.com

YouTube www.youtube.com/c/veacct




# വാർഷിക റിപ്പോർട്ട്

# 2021-2022

## വാർഷിക പൊതുയോഗം

തിയ്യതി : 31.12.2022

സമയം : ഉച്ചതിരിഞ്ഞ് 3 മണി

സ്ഥലം : സരസ്വതി വിദ്യാനികേതൻ സെൻട്രൽ സ്കൂൾ, പേരാമ്പ്ര




ട്രസ്റ്റിലെ അധ്യാപകർക്കായി സംഘടിപ്പിച്ച അധ്യാപക പരിശീലനത്തിന്റെ ഉദ്ഘാടനം ഭാരതീയ വിദ്യാനികേതൻ സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. ആർ. വി. ജയകുമാർ നിർവ്വഹിക്കുന്നു.



സി.ബി.എസ്.ഇ. തൃശ്ശൂർ സഹോദയ വിദ്യാലയങ്ങളിലെ ഉയർന്ന വിജയത്തിനുള്ള പുരസ്കാരം ബഹു. എം.എൽ.എ. ശ്രീ ബാലചന്ദ്രനിൽ നിന്നും ശ്രീരാമകൃഷ്ണ വിദ്യാനികേതനിലെ പ്രിൻസിപ്പാൾ ശ്രീമതി വിജയലക്ഷ്മി ടീച്ചർ ഏറ്റുവാങ്ങുന്നു.



സരസ്വതി വിദ്യാനികേതനിലെ സ്വാതന്ത്ര്യദിനാഘോഷം ബഹു എം.എൽ.എ. സനീഷ് ജോസഫ് ഉദ്ഘാടനം ചെയ്യുന്നു.



ഹരിശ്രീ വിദ്യാനികേതനിലെ മാതൃപൂജ മോട്ടിവേഷൻ സ്പീക്കർ ശ്രീ ഒ. എസ്. സതീഷ് ഉദ്ഘാടനം ചെയ്യുന്നു.



വിവേകാനന്ദ വിദ്യാനികേതനിലെ വിദ്യാർത്ഥികൾ വരന്തരപ്പിള്ളി പൊലീസ് സ്റ്റേഷൻ സന്ദർശിക്കുന്നു.



സ്വർഗീയ ടി എം കൃഷ്ണൻകുട്ടി സ്മരണാർത്ഥം ഏർപ്പെടുത്തിയ ക്യാഷ് അവാർഡ് ട്രസ്റ്റിലെ വിദ്യാലയങ്ങളിൽ പത്താം ക്ലാസ് പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ ശ്രീരാമകൃഷ്ണ വിദ്യാനികേതനിലെ കെ. എസ്. ധ്യതികൃഷ്ണക്ക് സമ്മാനിക്കുന്നു.



സരസ്വതി വിദ്യാനികേതനിലെ സ്വാതന്ത്ര്യദിന സന്ദേശം രാഷ്ട്രീയ സ്വയംസേവക സംഘം മാന്യ സഹസർകാര്യവാഹ് രാംദത്ത് ചക്രധർജി നല്കുന്നു.



ശ്രീരാമകൃഷ്ണ വിദ്യാനികേതനിലെ അനുമോദനസഭ സി. പി. ട്രസ്റ്റ് ചെയർമാൻ ശ്രീ. സി. പി. സാലിഹ് നിർവ്വഹിക്കുന്നു.

# വാർഷിക പൊതുയോഗ ക്ഷണപത്രിക

ധന്യാത്മൻ,

വിവേകാനന്ദ ട്രസ്റ്റിന്റെ പ്രവർത്തനം 28 വർഷം പൂർത്തീകരിച്ചിരിക്കുകയാണ്. ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുവാനും വരുന്ന വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിക്കുവാനും വേണ്ടി ട്രസ്റ്റിന്റെ ഇരുപത്തിയെട്ടാം വാർഷിക പൊതുയോഗം **2022 ഡിസംബർ 31-ാം തിയ്യതി ശനിയാഴ്ച വൈകീട്ട് 3 മണിക്ക് പേരാമ്പ്ര സരസ്വതി വിദ്യാനികേതൻ സ്കൂളിൽ** വച്ച് കൂടുവാൻ നിശ്ചയിച്ചിരിക്കുകയാണ്.

ഈ യോഗത്തിലേക്ക് ട്രസ്റ്റിന്റെ പ്രവർത്തനങ്ങളെ അകമഴിഞ്ഞ് സഹായിക്കുകയും അനുഗ്രഹിക്കുകയും ചെയ്തിട്ടുള്ള എല്ലാ അംഗങ്ങളേയും സ്നേഹാദരപൂർവ്വം ക്ഷണിക്കുന്നു. കൃത്യസമയത്തുതന്നെ എല്ലാവരും എത്തിച്ചേർന്ന് ഭാവി പ്രവർത്തനങ്ങൾക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ അഭ്യർത്ഥിക്കുന്നു.

എന്ന് ട്രസ്റ്റ് ഭരണസമിതിക്കുവേണ്ടി,

| | | |
|---|---|---|
| കൊടകര, | ചെയർമാൻ | സെക്രട്ടറി |
| 30-11-2022 | എൻ.പി.മുരളി | ടി.സി.സേതുമാധവൻ |

## കാര്യപരിപാടി

| | | |
|---|---|---|
| ദീപപ്രജ്വാലനം | - | **ഡോ. ഡി പ്രഭാകരൻ നായർ**, വൈസ് ചെയർമാൻ |
| പ്രാർത്ഥന | | |
| സ്വാഗതം | - | **ശ്രീ തിലകൻ അയ്യഞ്ചിറ**, ജോയന്റ് സെക്രട്ടറി |
| അനുശോചനം | - | **ശ്രീ. എം കൃഷ്ണകുമാർ**, ഡയറക്ടർ |
| മിനുട്സ് പാസാക്കൽ | - | **ശ്രീ. ടി.സി.സേതുമാധവൻ**, സെക്രട്ടറി |
| പ്രവർത്തന വൃത്തം | - | **ശ്രീ. ടി.സി.സേതുമാധവൻ**, സെക്രട്ടറി |
| അദ്ധ്യക്ഷപ്രസംഗം | - | **ശ്രീ. എൻ.പി.മുരളി**, ചെയർമാൻ |
| 2021-2022 ലെ കണക്കുകൾ പാസ്സാക്കൽ | - | **ശ്രീ. കെ.എസ്.സുരേഷ്**, ട്രഷറർ |
| ചർച്ച-ഭാവി പ്രവർത്തനങ്ങൾ | - | **ശ്രീ. എം.വേണുമാസ്റ്റർ** ഭാവിനി സംസ്ഥാന ഖജാൻജി |
| പ്രമേയാവതരണം | - | **ശ്രീ. എൻ.പി.ശിവൻ**, എക്സിക്യൂട്ടീവ് ഡയറക്ടർ |
| അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റ് കാര്യങ്ങൾ | - | |
| കൃതജ്ഞത | - | **ശ്രീ. വി വി രാജേഷ്**, ജോയന്റ് സെക്രട്ടറി |

**കുറിപ്പ്:-**

1. ട്രസ്റ്റുമായി ബന്ധപ്പെട്ട എന്തെങ്കിലും കാര്യങ്ങൾ അറിയുവാൻ ആഗ്രഹിക്കുന്നവർ 2022 ഡിസംബർ 25-ാം തിയ്യതിക്കുമുമ്പായി ട്രസ്റ്റോഫീസിൽ വിവരം എഴുതി നൽകേണ്ടതാണ്.
2. ട്രസ്റ്റിനുകീഴിലുള്ള വിദ്യാലയങ്ങളിൽ അടുത്ത അദ്ധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ വിജയദശമി ദിവസം മുതൽ ആരംഭിച്ചിരിക്കുന്നു. മെമ്പർമാരുടെ കുടുംബങ്ങളിൽ നിന്നുള്ള കുട്ടികളെ ചേർക്കുവാൻ അതാത് വിദ്യാലയവുമായി ബന്ധപ്പെടുക.
3. ട്രസ്റ്റ് മെമ്പർമാരുടെ അഡ്രസ്സിലോ മറ്റോ വരുന്ന മാറ്റങ്ങൾ ഇമെയിൽ മുഖേനെയോ 9447816868 എന്ന നമ്പറിലേക്ക് എസ്എംഎസ് ആയോ വാട്സ്ആപ് ആയോ അറിയിക്കണമെന്ന് അപേക്ഷ.

## തിരഞ്ഞെടുപ്പ് വിജ്ഞാപനം

വിവേകാനന്ദ ട്രസ്റ്റിന്റെ ഇരുപത്തിയഞ്ചാമത് വാർഷികപൊതുയോഗത്തോടനുബന്ധിച്ച് ട്രസ്റ്റ് നിയമാവലി 23(a) അനുസരിച്ച്, നിയമിതനായ റിട്ടേണിംങ് ഓഫീസർ പ്രസിദ്ധപ്പെടുത്തുന്ന തിരഞ്ഞെടുപ്പ് അറിയിപ്പ്

തീയതി 30-11-2022

പ്രിയ ബന്ധു നമസ്ക്കാരം,

വിവേകാനന്ദ എഡ്യൂക്കേഷണൽ ആന്റ് കൾച്ചറൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ ഭരണസമിതിയിലേക്ക് 30-11-2022 ൽ പ്രസിദ്ധപ്പെടുത്തുന്ന വോട്ടേഴ്സ് ലിസ്റ്റ് പ്രകാരം 30-11-2022 വരെ അംഗത്വം എടുത്തവർക്ക്, 4 അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുവേണ്ടിയുള്ള തിരഞ്ഞെടുപ്പ് 2022 ഡിസംബർ 31-ാം തിയ്യതി നടത്തുന്നതാണ്.

**തിരഞ്ഞെടുപ്പ് സംബന്ധിച്ച വിവരങ്ങൾ:**

തിരഞ്ഞെടുപ്പ് സംബന്ധിച്ച കാര്യങ്ങൾ പേരാമ്പ്ര സരസ്വതി വിദ്യാലയത്തിലെ ട്രസ്റ്റോഫീസ് മുഖേന നടത്തേണ്ടതാണ്.

* വോട്ടർ പട്ടിക പ്രസിദ്ധീകരണം 30-11-2022 രാവിലെ 10 മണി
* നാമനിർദ്ദേശപത്രിക വിതരണം 15-12-2022 രാവിലെ 10 മണി മുതൽ
* നാമനിർദ്ദേശപത്രിക സ്വീകരിക്കുന്നത് 22-12-2022 രാവിലെ 10 മണി മുതൽ 23-12-2022 ഉച്ചക്ക് 3 മണി വരെ
* നാമനിർദ്ദേശപത്രിക സൂക്ഷ്മപരിശോധന 24-12-2022 രാവിലെ 10 മണിക്ക്
* സ്ഥാനാർത്ഥി ലിസ്റ്റ് പ്രസിദ്ധീകരണം 26-12-2022 ഉച്ചക്ക് 12 മണിക്ക്
* സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി 29-12-2022 വൈകുന്നേരം 4 മണി വരെ.

മത്സരം ഉണ്ടാകുന്ന പക്ഷം രഹസ്യബാലറ്റടിസ്ഥാനത്തിൽ 31-12-2022 ഉച്ചക്ക് 12 മണി മുതൽ 3 മണി വരെയുള്ള സമയത്ത് സരസ്വതി വിദ്യാനികേതൻ സെൻട്രൽ സ്കൂളിൽ വച്ച് നടത്തുന്നതും തുടർന്ന് വോട്ടുകൾ എണ്ണി ഫലം പ്രഖ്യാപിക്കുന്നതുമാണ്. അഭിപ്രായ വോട്ടെടുപ്പെങ്കിൽ അജണ്ടയിൽ പറഞ്ഞതനുസരിച്ച് പൊതുയോഗ സമയത്ത് തിരഞ്ഞെടുപ്പ് നടത്തി അപ്പോൾ തന്നെ ഫലം പ്രഖ്യാപിക്കുന്നതാണ്.

എന്ന്, ട്രസ്റ്റിനുവേണ്ടി

ഒപ്പ്

എം.വേണുമാസ്റ്റർ

കൊടകര,
റിട്ടേണിംങ് ഓഫീസർ

30-11-2022
(വിദ്യാനികേതൻ സംസ്ഥാന ഖജാൻജി)

## 2022 മാർച്ച് 12-ാം തിയ്യതി നടന്ന വാർഷിക പൊതുയോഗത്തിന്റെ സംക്ഷിപ്ത റിപ്പോർട്ട്

വിവേകാനന്ദ എഡ്യൂക്കേഷണൽ ആന്റ് കൾച്ചറൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ 27-ാം വാർഷിക പൊതുയോഗം 2022 മാർച്ച് 12-ാം തിയ്യതി ശനിയാഴ്ച വൈകീട്ട് 3 മണിക്ക് പേരാമ്പ്ര സരസ്വതി വിദ്യാനികേതൻ സ്കൂളിൽ വച്ച് കൂടുകയുണ്ടായി. ബഹു. ട്രസ്റ്റ് ചെയർമാൻ ശ്രീ.എൻ.പി.മുരളി അവർകളുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന് വൈസ് ചെയർമാൻ ഡോ ഡി പ്രഭാകരൻ നായർ ദീപപ്രജ്വാലനം നടത്തി. ഈശ്വര പ്രാർത്ഥനക്കുശേഷം ജോയ്ന്റ് സെക്രട്ടറി ശ്രീ വി വി രാജേഷ് അവർകൾ യോഗത്തിൽ പങ്കെടുത്തവർക്ക് സ്വാഗതം ആശംസിച്ചു. തുടർന്ന് കഴിഞ്ഞ വർഷം  നമ്മെ വിട്ടുപിരിഞ്ഞ ട്രസ്റ്റ് വൈസ് ചെയർമാൻ സ്വർഗീയ ടി എം കൃഷ്ണൻകുട്ടി, മെമ്പർമാരായ എ കെ ലെജനൻ അയ്യഞ്ചിറ വീട്, പാലാഴി, പ്രകാശ് ശങ്കർ ചെന്നോത്ത് വീട് പെരുമ്പാവൂർ, തുമ്പൂർ ഹരിശ്രീ വിദ്യാനികേതനിലെ യുകെജി വിദ്യാർത്ഥിനി ഇതൾ ശ്രീജിത്ത്, ഭാരതീയ വിദ്യാനികേതൻ മുൻ സംസ്ഥാന ട്രഷറർ ശ്രീ സി എച്ച് ബാലകൃഷ്ണൻ, ഭാരതീയ വിദ്യാനികേതൻ മുൻ ജില്ലാ അദ്ധ്യക്ഷ ശ്രീമതി രാധ ടീച്ചർ, കൂടാതെ സാമൂഹിക, സാംസ്ക്കാരിക, രാഷ്ട്രീയ, രാജനൈതിക രംഗങ്ങളിലെ നമ്മെ വിട്ടുപിരിഞ്ഞവർ, ലോകമാസകലം ദുരിതം വിതച്ച കോവിഡ് മഹാമാരിയിൽ ജീവൻ നഷ്ടപ്പെട്ടവർ, നാടിന്റെ രക്ഷയ്ക്കുവേണ്ടി ജീവൻ ബലിയർപ്പിച്ചവർ, ഈ പുണ്യാത്മാക്കളെ സ്മരിച്ചുകൊണ്ട് ഡയറക്ടർ ശ്രീ. എം.കൃഷ്ണകുമാർ അവർകൾ അനുശോചനം രേഖപ്പെടുത്തി. അതിനുശേഷം ഒരു മിനിട്ട് മൗനം ആചരിച്ചു. ശേഷം ശാന്തിമന്ത്രം ചൊല്ലി.

മുൻയോഗ മിനുട്സ് സെക്രട്ടറി ശ്രീ.ടി.സി.സേതുമാധവൻ അവർകൾ അവതരിപ്പിച്ചു. അത് ഓങ്കാരത്തോടെ പാസാക്കി.  തുടർന്ന് 2019-2020 ലെ പ്രവർത്തന വൃത്തവും അവതരിപ്പിച്ചു. ബഹു ട്രസ്റ്റ് ചെയർമാൻ ശ്രീ എൻ പി മുരളി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. 2019-20 ലെ കണക്കുകൾ ട്രഷറർ ശ്രീ.കെ.എസ്. സുരേഷ് അവർകൾ അവതരിപ്പിച്ചു. കണക്കുകൾ ഓങ്കാരത്തോടെ പാസാക്കി.

ചർച്ചകൾക്ക് ഭാരതീയ വിദ്യാനികേതൻ സംസ്ഥാന ട്രഷറർ ശ്രീ എം.വേണുമാസ്റ്റർ നേതൃത്വം നൽകി. യോഗ സൈക്കോളജിയിൽ അണ്ണാമലൈ യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് നേടിയ ട്രസ്റ്റിന്റെ സ്ഥാപക ഡയറക്ടറായിരുന്ന ഡോ രാധാകൃഷ്ണൻ അവർകളെ യോഗത്തിൽ അനുമോദിച്ചു. ഉന്നത വിദ്യാഭ്യാസ രംഗത്ത് കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി സമഗ്രമായ നൂതന പദ്ധതികൾ ആവിഷ്ക്കരിക്കാൻ കൂടുതൽ ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകണമെന്നാവശ്യപ്പെട്ടുകൊണ്ട് എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ എൻ പി ശിവൻ അവർകൾ അവതരിപ്പിച്ച പ്രമേയം ശ്രീ തിലകൻ അയ്യഞ്ചിറ അവർകൾ പിന്താങ്ങി. പ്രമേയം ഓങ്കാരത്തോടെ പാസാക്കി. ട്രസ്റ്റ്  ജോയ്ന്റ് സെക്രട്ടറി ശ്രീ.തിലകൻ അയ്യഞ്ചിറ അവർകൾ യോഗത്തിൽ പങ്കെടുത്തവർക്ക് കൃതജ്ഞത രേഖപ്പെടുത്തി. തുടർന്ന് മംഗളശ്ലോകത്തോടെ യോഗം പര്യവസാനിച്ചു.

എന്ന്, സ്നേഹത്തോടെ,

ചെയർമാൻ<br>
എൻ.പി.മുരളി

സെക്രട്ടറി<br>
ടി.സി.സേതുമാധവൻ

## പ്രവർത്തന വൃത്തം

ഭാരതീയ സംസ്കൃതിയുടെ മഹത്വം ലോകജനതക്ക് മുന്നിൽ അവതരിപ്പിച്ച സ്വാമി വിവേകാനന്ദന്റെ നാമധേയത്തിൽ 1994 ൽ പുറനാട്ടുകര ശ്രീരാമകൃഷ്ണാശ്രമത്തിലെ മഠാധിപതിയായിരുന്ന സംപൂജ്യ മൃഢാനന്ദ സ്വാമികളുടെ പവിത്ര കരങ്ങളാൽ ആരംഭിച്ച വിവേകാനന്ദ എഡ്യൂക്കേഷണൽ ആന്റ് കൾച്ചറൽ ചാരിറ്റബിൾ ട്രസ്റ്റ് അതിന്റെ പ്രവർത്തനം 28 വർഷം പൂർത്തീകരിച്ചിരിക്കുകയാണ്. ഒരു സിബിഎസ്ഇ സീനിയർ സെക്കണ്ടറി അഫിലിയേറ്റഡ് വിദ്യാലയവും ഒരു ഹയർ സെക്കണ്ടറി അഫിലിയേറ്റഡ് വിദ്യാലയവും രണ്ട് എൻഐഒഎസ് അഫിലിയേറ്റഡ് വിദ്യാലയവും ഒരു എയ്ഡഡ് യു.പി. വിദ്യാലയവും ഒരു ഹോസ്റ്റലും അടക്കം ആറ് സ്ഥാപനങ്ങൾ ഇപ്പോൾ ട്രസ്റ്റിന് കീഴിലായി പ്രവർത്തിക്കുന്നുണ്ട്. ട്രസ്റ്റിലെ വിദ്യാലയങ്ങളിലായി ഇപ്പോൾ 2700 വിദ്യാർത്ഥികളും 240 അധ്യാപക-അനധ്യാപകരും ഉണ്ട്. വിവിധ സ്ഥാപനങ്ങളിലായി സ്വന്തമായ 40 വാഹനങ്ങളും 1460 സെന്റ് സ്ഥലവും ട്രസ്റ്റിന് സ്വന്തമായിട്ടുണ്ട്. ട്രസ്റ്റിന് ഇപ്പോൾ ആകെ 680 മെമ്പർമാരാണുള്ളത്.

ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാനും അവലോകനം ചെയ്യുവാനും ഡയറക്ടർ ബോർഡ് യോഗങ്ങളും എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങളും കൃത്യമായി നടത്തിവരുന്നു. കൂടാതെ വിദ്യാലയങ്ങളുടെ സുഗമമായ നടത്തിപ്പിന് വേണ്ടി പ്രിൻസിപ്പാൾ മാനേജർ യോഗവും മാസംതോറും നടത്തിവരുന്നു.

ട്രസ്റ്റിന്റെ ആരംഭകാലം മുതൽ പ്രവർത്തനത്തിലുണ്ടാവുകയും കഴിഞ്ഞ വർഷം ട്രസ്റ്റ് വൈസ് ചെയർമാൻ ആയിരിക്കേ നമ്മെ വിട്ടുപിരിയുകയും ചെയ്ത സ്വർഗീയ ടി എം കൃഷ്ണൻകുട്ടി അവർകളുടെ ശ്രദ്ധാഞ്ജലി 2022 സെപ്തംബർ 22 ന് നടത്തുകയുണ്ടായി. അദ്ദേഹത്തിന്റെ സ്മരണാർത്ഥം ട്രസ്റ്റിലെ വിദ്യാലയങ്ങളിലെ പത്താം ക്ലാസ് പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടിക്ക് എല്ലാ വർഷവും ട്രസ്റ്റ് 5000 രൂപയുടെ ക്യാഷ് അവാർഡ് കൊടുക്കുവാൻ നിശ്ചയിച്ചു. ഈ അവാർഡിന് ഈ വർഷം അർഹയായത് സിബിഎസ്ഇ പത്താം ക്ലാസ് പരീക്ഷയിൽ 500 ൽ 496 മാർക്ക് വാങ്ങിയ ശ്രീരാമകൃഷ്ണ വിദ്യാനികേതനിലെ വിദ്യാർത്ഥിനി കുമാരി കെ എസ് ധ്വനികൃഷ്ണ ആണ്. 2021-22 അക്കാദമിക് വർഷത്തിൽ ട്രസ്റ്റിലെ വിദ്യാലയങ്ങളിലൂടെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് 20 ലക്ഷം രൂപയുടെ ഫീസിളവ് നൽകുകയുണ്ടായി.

2022 മെയ് 26, 27 തിയ്യതികളിലായി ട്രസ്റ്റിലെ മുഴുവൻ അധ്യാപകർക്കും വേണ്ടി ട്രെയ്നിംഗ് പരിപാടി നടത്തി. ഭാരതീയ വിദ്യാനികേതൻ സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ ആർ വി ജയകുമാർ ട്രെയ്നിംഗ് പരിപാടി ഉദ്ഘാടനം ചെയ്തു. 111 അധ്യാപകർ രണ്ട് ദിവസങ്ങളിലായി നടന്ന പരിശീലന പരിപാടിയിൽ പങ്കെടുത്തു.

ട്രസ്റ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ട് 30 വർഷത്തോടടുക്കുന്നു. നാട്ടിലെ സാധരണക്കാരായ സജ്ജനങ്ങളുടെ നിർലോഭമായ സഹകരണമാണ് ട്രസ്റ്റിന്റെ വിജയഗാഥക്ക് പിന്നിലെ ഊർജ്ജസ്രോതസ്സ്. ട്രസ്റ്റിന്റെ പടിപടിയായുള്ള വളർച്ചയിൽ ഒരോ സമയങ്ങളിലും താങ്ങായി നിന്നിട്ടുള്ള നിരവധി മഹത് വ്യക്തികളുണ്ട്. ശാസിക്കേണ്ടപ്പോൾ ശാസിച്ച്, തളർന്ന് വീഴാൻ തുടങ്ങുമ്പോൾ ഊന്നുവടി തന്ന് സഹായിച്ച്, വീണ് കിടന്നപ്പോൾ പിടിച്ചെഴുന്നേൽപ്പിച്ച്, കർമ്മം ചെയ്യാൻ പ്രേരണ നൽകി. പ്രതിസന്ധികളിൽ താങ്ങായി നിന്ന്, ചൈതന്യത്തിന്റെ മഹാപ്രഭാവം പകർന്നു തന്ന്, മുന്നോട്ട് എന്ന മഹാമന്ത്രം മാത്രം മുഴക്കുവാൻ പ്രേരണ നൽകിയ ഇവരോടൊക്കെയുള്ള കടപ്പാട് ഇവിടെ പ്രത്യേകം രേഖപ്പെടുത്തുന്നു.

എന്ന്,
രാഷ്ട്രസേവനാർത്ഥം,

ചെയർമാൻ
എൻ.പി.മുരളി

സെക്രട്ടറി
ടി.സി.സേതുമാധവൻ

## സരസ്വതി വിദ്യാനികേതൻ സെൻട്രൽ സ്കൂൾ, കൊടകര

ഫോൺ 9048383804

**Email: saraswathycbse179@gmail.com ;**
**Website: www.saraswathycbsekodakara.com**

വിവേകാനന്ദ ട്രസ്റ്റിന് കീഴിൽ ISO 9001-2015 അംഗീകാരത്തോടെ 28 വർഷമായി പ്രവർത്തിച്ചുവരുന്ന വിദ്യാലയം അതിന്റെ പ്രവർത്തന പന്ഥാവിൽ 28 വർഷം പിന്നിട്ടു കഴിഞ്ഞിരിക്കുന്നു. രാഷ്ട്ര നിർമ്മാണത്തിന് ഉതകുംവിധം സേവ നസന്നദ്ധരായ മൂല്യബോധമുള്ള വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുന്ന പ്രക്രിയയിൽ സജീവ പങ്കാളിത്തം വഹി ക്കുന്നതിനോടൊപ്പം സാമൂഹിക, സാംസ്ക്കാരിക, സേവന രംഗങ്ങളിൽ തങ്ങളുടേതായ വ്യക്തിമുദ്ര പതിപ്പിച്ചുകൊണ്ട് വളർച്ചയുടെ പടവുകൾ കീഴടക്കികൊണ്ടിരിക്കുകയാണ് വിദ്യാലയം. അക്കാദമിക് രംഗത്ത് കുട്ടികളെ കഴിവുറ്റവരാ ക്കാൻ വേണ്ടി ക്ലാസ്മുറികളിൽ ആധുനിക വിദ്യാഭ്യാസത്തിന്റെ ഭാഗമായിട്ടുള്ള ഗ്രൂപ്പ് ഡിസ്ക്കഷനുകളും, പ്രസന്റേഷ നുകളും, ഡിബേറ്റുകളും, സെമിനാറിന്റെ രൂപത്തിലുള്ള അധ്യയന രീതികളും, ടാലന്റ് ടെസ്റ്റുകളും നടത്തിവരുന്നു. 1044 വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാലയത്തിൽ 94 അദ്ധ്യാപക - അനദ്ധ്യാപകർ സേവനമനുഷ്ഠിക്കുന്നു. ഈ വർഷം മുതൽ വിദ്യാലയത്തിൽ ആരംഭിച്ച പ്രീകെജിയിൽ 7 പേരാണ് ഉള്ളത്.

അക്കാദമിക് രംഗത്ത് മികച്ച പ്രകടനം കാഴ്ചവച്ച വിദ്യാലയം പത്ത്, പന്ത്രണ്ട് ക്ലാസുകളിൽ 100% വിജയം നില നിർത്തി. പത്താം ക്ലാസ് പരീക്ഷയിൽ 7 പേരും, പ്ലസ് ടു പരീക്ഷയിൽ 4 പേരും മുഴുവൻ വിഷയങ്ങളിലും **A1** നേടി. പത്താം ക്ലാസ് പരീക്ഷയിൽ 97.2% നേടി ആദിത്യകൃഷ്ണ ഒന്നാം സ്ഥാനം കരസ്ഥമാക്കി. പ്ലസ് ടു പരീക്ഷയിൽ കൊമേഴ്സ് വിഭാഗത്തിൽ ഐ ടി ആവണി 96.4%, ഹ്യൂമാനിറ്റീസ് വിഭാഗത്തിൽ പത്മലക്ഷ്മി 96.2%, സയൻസ് വിഭാഗത്തിൽ ലക്ഷ്മി ഗോപീകൃഷ്ണൻ 95.6% എന്നിവർ വിദ്യാലയത്തിൽ ഒന്നാമതെത്തി.

പുതിയ അധ്യയനവർഷത്തേക്കുള്ള ചുവടുവെപ്പിൽ അധ്യാപകർക്കുള്ള ഓറിയന്റേഷൻ പ്രോഗ്രാം ഇരിങ്ങാലക്കുട സായി സേവാ സമിതിയുടെ കോർഡിനേറ്റർ ശ്രീ സായ് റാം നിർവ്വഹിച്ചു. വിദ്യാലയത്തിൽ ലോകപരിസ്ഥിതി ദിനം, വായ നാദിനം, സ്കൂൾ പാർലമെന്റ് ഇലക്ഷൻ, രാമായണ മാസാചരണം. അന്തർദേശീയ സംഗീതദിനം, ഇൻസ്പെയർ 2022, ശാസ്ത്രമേള, കാർഷികദിനം, കാർഗിൽ വിജയദിനം, സംസ്കൃത ദിനാചരണം, കലാമേള സാരംഗ് 2022, ഫ്ളവേഴ്സ് ഡേ എന്നിവ വിപുലമായി ആഘോഷിച്ചു.

അന്തർദേശീയ യോഗാദിനം സ്വാമി തേജസ്വരൂപാനന്ദ സരസ്വതി ഉദ്ഘാടനം ചെയ്ത് യോഗയുടെ പ്രാധാന്യത്തെക്കു റിച്ച് സന്ദേശം നൽകുകയുണ്ടായി. യോഗാദിനത്തിൽ വിദ്യാലയത്തിന്റെ വിവിധ സാംസ്ക്കാരിക കേന്ദ്രങ്ങളിൽ വിദ്യാർത്ഥി കളുടെയും രക്ഷകർത്താക്കളുടെയും യോഗാപ്രദർശനവും നടന്നു. സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി രാഷ്ട്രീയ സ്വയംസേവക സംഘം സഹസർകാര്യവാഹ് മാന്യ.രാംദത്ത്ചക്രധർ ജി ദേശീയ പതാക ഉയർത്തി വിദ്യാർത്ഥികൾക്ക് സ്വാതന്ത്ര്യദിന സന്ദേശം നൽകി. ഇതോടനുബന്ധിച്ച് പ്ലസ്ടു പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് അനുമോദനം, രക്ഷാബന്ധൻ, അരവിന്ദജയന്തി എന്നിവയുടെ ഉദ്ഘാടനം ബഹു.എംഎൽഎ ശ്രീ സനീഷ്കുമാർ ജോസഫ് നിർവ്വഹിച്ചു. ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി 75 സ്വാതന്ത്ര്യസമരസേനാനികളുടെ ഒരു പ്രദർശിനിയും വിദ്യാലയത്തിൽ ഒരുക്കിയിരുന്നു. ഇന്ത്യൻ നേവൽ ബേസ് സ്വാത ന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ഓൾ ഇന്ത്യാ ക്വിസ് മത്സരത്തിൽ വിദ്യാലയത്തിലെ ആദിദേവ് സുരേഷ് (X), ശബരി (IX) എന്നിവർ അച്ചീവ്മെന്റ് സർട്ടിഫിക്കറ്റിന് അർഹരായി. രണ്ട് എലിമിനേഷൻ റൗണ്ടുകൾ പൂർത്തിയാക്കി യപ്പോൾ നമ്മുടെ വിദ്യാലയത്തിനായിരുന്നു പ്രഥമസ്ഥാനം നേടാനായത്. ഓസോൺ ദിനത്തോടനുബന്ധിച്ച് മാതൃഭൂമി സീഡ് ജില്ലാതല ക്വിസ് മത്സരത്തിൽ സൂര്യലക്ഷ്മി (XI) ഒന്നാം സ്ഥാനത്തിനർഹയായി. വേൾഡ് സ്പേസ് വീക്ക് ആഘോ ഷങ്ങളുടെ ഭാഗമായി **ISRO, AIM** എന്നിവ സംയുക്തമായി നടത്തിയ ഓൺലൈൻ ക്വിസ് മത്സരത്തിൽ 62 വിദ്യാർത്ഥി കൾ പങ്കെടുക്കുകയും 6 വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റ് നേടുകയും ചെയ്തു.

അരുൺ, ഉദയ ക്ലാസുകളിലെ രക്ഷാകർത്താക്കൾക്കായി ഡോ.ശരണ്യ, വിദ്യാലയത്തിലെ കൗൺസിലർ ശ്രീമതി സൗമ്യ എന്നിവർ സോപാനം ക്ലാസുകൾ നയിച്ചു. വിദ്യാലയത്തിൽ വളരെ വിപുലമായി ആചരിച്ച ഗുരുപൂജ ദിനത്തിൽ

പ്രശസ്ത ജ്യോതിഷ പണ്ഡിതനും വേദേതിഹാസ പണ്ഡിതനുമായ ശ്രീ കെ കെ വാമനൻ ജി വിദ്യാർത്ഥികൾക്ക് ഗുരു പൂജ സന്ദേശം നൽകി. കൊടകര ജനമൈത്രി പൊലീസിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് ലഹരി വിരുദ്ധ ബോധ വത്ക്കരണ ക്ലാസ് നടത്തി.

**ICSE, CBSE, STATE** സിലബസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി സംയുക്തമായി സംഘടിപ്പിച്ച കിഡ്സ് അത്‌ലറ്റിക് മീറ്റിൽ പങ്കെടുത്ത 26 വിദ്യാലയങ്ങളിൽ നാലാം സ്ഥാനം നേടാൻ കഴിഞ്ഞത് സ്തുത്യർഹ്യമായ നേട്ടമാണ്. ഭാരതീയ വിദ്യാനികേതൻ സംസ്ഥാന തലത്തിൽ നടത്തിയ ശാസ്ത്രമേളയിൽ ശാസ്ത്ര, ഗണിത വിഭാഗങ്ങളിലായി സായ്‌ലക്ഷ്മി ജയകുമാർ (XI), കാർത്തിക (X) എന്നിവർ രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി. യോഗ ഒളിമ്പ്യാഡ് അന്താരാഷ്ട്ര യോഗ ചാമ്പ്യൻഷിപ്പ് സീനിയർ (പെൺ) വിഭാഗത്തിൽ ആർദ്ര ഐ കെ (XII) ഒന്നാം സ്ഥാനവും ഗൗരി സി എസ് (XI)മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ജൂനിയർ (ആൺ) വിഭാഗത്തിൽ അക്ഷജ് വി എസ് (VII)മൂന്നാം സ്ഥാനം നേടി.

ആധുനിക സാങ്കേതിക വിദ്യയോടൊപ്പം ശാസ്ത്ര സാങ്കേതികവിദ്യയും കുട്ടികളിലേക്ക് പകരാൻവേണ്ടി ആവിഷ്ക്ക രിച്ചിരിക്കുന്ന സർക്കാർ പദ്ധതിയായ അടൽ ടിങ്കറിംഗ് ലാബ് മൂന്നാം ക്ലാസ് മുതലുള്ള മുഴുവൻ വിദ്യാർത്ഥികളും പ്രയോജനപ്പെടുത്തി വരുന്നു.

**സ്വാമി വിവേകാനന്ദ ഹോസ്റ്റൽ, പേരാമ്പ്ര**

സ്വഭവനത്തിന് തുല്യമായ സുരക്ഷിതത്വം ഉറപ്പാക്കികൊണ്ട് വിദ്യാലയത്തിലെ ആൺകുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം 2006 മുതൽ ആരംഭിച്ചു. മണിപ്പൂർ ഉൾപ്പെടെ മറ്റു സംസ്ഥാനങ്ങളിലെയും കേരളത്തിലെ വിവിധ ജില്ലകളിലെയും കുട്ടി കൾ ഹോസ്റ്റൽ സൗകര്യം പ്രയോജനപ്പെടുത്തി വരുന്നു. കോവിഡ് മഹാമാരിയുടെ വ്യാപനം മൂലം കഴിഞ്ഞ രണ്ടു വർഷത്തിനുശേഷം പ്രവർത്തനം ആരംഭിച്ച ഹോസ്റ്റലിൽ ഇപ്പോൾ 10 കുട്ടികളാണ് ഉള്ളത്.

**മാനേജർ** — **പ്രിൻസിപ്പാൾ**

ടി.കെ..സതീഷ് — പി.ജി.ദിലീപ്

## ശ്രീരാമകൃഷ്ണ വിദ്യാനികേതൻ പബ്ലിക് സ്കൂൾ, നന്തിക്കര

ഫോൺ 9526757206, 9495849570

**Email:sreeramakrishna.srkvn@gmail.com;**

**Website: www.sreeramakrishnavidyanikethan.com**

വിശ്വവിഖ്യാതമായ സനാതന സംസ്കൃതിയുടെ മഹത്വത്തെ വിദ്യാഭ്യാസ പ്രക്രിയയിലൂടെ പുതുതലമുറയിലേക്ക് പകർന്ന് നൽകുക എന്ന മഹത്തായ ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കുന്ന ശ്രീരാമകൃഷ്ണ വിദ്യാനികേതൻ 1995 ൽ വിവേകാ നന്ദ ട്രസ്റ്റിന്റെ രണ്ടാമത്തെ സ്ഥാപനമായി പ്രവർത്തനമാരംഭിച്ചു. 2022-23 അദ്ധ്യയന വർഷത്തിൽ 1176 വിദ്യാർത്ഥി കളും 106 അദ്ധ്യാപക- അനദ്ധ്യാപകരും വിദ്യാലയത്തിൽ സേവനമനുഷ്ഠിക്കുന്നു.

2021-22 അദ്ധ്യയനവർഷത്തെ സിബിഎസ്ഇ പത്താം ക്ലാസ് പരീക്ഷയിൽ 500 ൽ 496 മാർക്ക് നേടി കെ എസ് ധ്വനി കൃഷ്ണ വിദ്യാലയത്തിൽ ഒന്നാമതെത്തി. 7 വിദ്യാർത്ഥികൾക്ക് എല്ലാ വിഷയത്തിലും **A1** ലഭിച്ചു. 9 വിദ്യാർത്ഥികൾ സയൻസ്, സോഷ്യൽ, സംസ്കൃതം എന്നിവയിൽ 100 ൽ 100 മാർക്കും കരസ്ഥമാക്കി. സിബിഎസ്ഇ തൃശ്ശൂർ സഹോദയയിലെ 127 വിദ്യാലയങ്ങളിൽ മൂന്നാം സ്ഥാനം നമ്മുടെ വിദ്യാലയത്തിനും ഉയർന്ന മാർക്കിൽ മൂന്നാം സ്ഥാനം ധ്വനികൃഷ്ണക്കും ലഭി ച്ചു. മാതൃഭൂമി നൽകുന്ന മികവ് പുരസ്ക്കാരം നമ്മുടെ വിദ്യാർത്ഥികൾ കരസ്ഥമാക്കി.

2022-23 അദ്ധ്യയനവർഷം ജൂൺ മാസത്തിൽ പ്ലേ സ്കൂളിന്റെ പ്രവർത്തനമാരംഭിച്ചു. അന്താരാഷ്ട്ര യോഗാദിനം, വായനാദിനം, പരിസ്ഥിതി ദിനം, രക്ഷാബന്ധൻ, സ്വാതന്ത്ര്യദിനം എന്നിവയും ഈ അദ്ധ്യയനവർഷം നല്ല രീതിയിൽ ആഘോ ഷിച്ചു. കർക്കടക മാസത്തിൽ രാമായണാഘോഷത്തോടനുബന്ധിച്ച് 19 ഗ്രാമസിതികളിലായി രാമായണ മാസാചരണം നല്ല രീതിയിൽ നടന്നു.

ആഗസ്റ്റ് 15 ന് വിവിധ പരിപാടികളോടെ നടത്തിയ സ്വാതന്ത്ര്യദിനാഘോഷ പരിപാടിയിൽ ഡോ എ രാധാകൃഷ്ണൻ അവർകൾ രക്ഷാബന്ധൻ- സ്വാതന്ത്ര്യദിന സന്ദേശം നൽകി. വിദ്യാലയത്തിന്റെ പരിസര പ്രദേശങ്ങളിലായി വിദ്യാർത്ഥി കൾ അവതരിപ്പിച്ച ഫ്ളാഷ് മോബ്, യോഗ, ദേശഭക്തിഗാനം, ഗ്രൗണ്ട് പ്രോഗ്രാം എന്നിവയും ഇതോടനുബന്ധിച്ച് നടത്തി. പാഠ്യേതര വിഷയങ്ങളിൽ കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് സ്കൂൾ തല ശാസ്ത്രമേള, കലാമേള, രാമായണ

മേള എന്നിവ നടത്തുകയുണ്ടായി. വിദ്യാലയ പ്രവർത്തനങ്ങൾ സമൂഹത്തിലെത്തിക്കുക എന്ന ഉദ്ദേശ്യലക്ഷ്യവുമായി, 20 ഗ്രാമസമിതികളെ കേന്ദ്രീകരിച്ച് ഒക്ടോബർ മാസത്തിൽ 4 വേദികളിലായി നടത്തിയ മാതൃപൂജയിൽ 3000 ത്തോളം ആളുകൾ പങ്കെടുത്തു.

ഭാരതീയ വിദ്യാനികേതൻ സംസ്ഥാനതല യോഗ ചാമ്പ്യൻഷിപ്പിൽ കിഷോർ വിഭാഗത്തിൽ അഹല്യ, സേതുലക്ഷ്മി ബാല വിഭാഗത്തിൽ കൃഷ്ണവേണി, നീരജ് പരമേശ്വരൻ എന്നിവർ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

കോവിഡ് എന്ന മഹാമാരി തരണം ചെയ്ത് വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ടു പോകുവാൻ വിദ്യാലയത്തെ പ്രാപ്തരാക്കുന്ന, പ്രചോദനമാകുന്ന ട്രസ്റ്റ്, സമിതി അംഗങ്ങൾ, രക്ഷിതാക്കൾ, അഭ്യുദയകാംക്ഷികൾ ഏവരേയും ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

**മാനേജർ** — **രാഗേഷ് സി**

**പ്രിൻസിപ്പാൾ** — **കെ. ആർ. വിജയലക്ഷ്മി**

## വിവേകാനന്ദ വിദ്യാനികേതൻ സെൻട്രൽ സ്കൂൾ, വരന്തരപ്പിള്ളി

**ഫോൺ 0480 2761605**

**Email:vvnvply@gmail.com**

ഭാരതീയ സംസ്ക്കാരത്തിന്റെ മഹത്വം പൂർണ്ണമായും ഉൾക്കൊണ്ട്കൊണ്ട്, എഴുത്തും വായനയും അഭ്യസിക്കുന്നതിലുപരി കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമിട്ട്, തന്റെ രാജ്യത്തിന് വേണ്ടി സേവനമനുഷ്ഠിക്കാൻ മാനസികവും ശാരീരികവുമായി പ്രാപ്തിയുള്ള ഉത്തമപൗരൻമാരെ വാർത്തെടുക്കാൻ പ്രതിജ്ഞാബദ്ധതയോടെ യത്നിക്കുന്ന വിവേകാനന്ദ വിദ്യാനികേതൻ അതിന്റെ ഇരുപതാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. എൻഐഒഎസ് അംഗീകാരത്തോടെ ശിശുവാടിക മുതൽ ഏഴാം ക്ലാസ് വരെ പ്രവർത്തിക്കുന്ന വിദ്യാലയത്തിൽ 9 ഡിവിഷനുകളിലായി 131 വിദ്യാർത്ഥികളും 17 അധ്യാപക- അനധ്യാപകരും സേവനമനുഷ്ഠിക്കുന്നു.

ലോകപരിസ്ഥിതി ദിനം, വായനാദിനം, അന്താരാഷ്ട്ര യോഗാദിനം, രാമായണ മാസാചരണം, ഗുരുപൂർണിമ, ചാന്ദ്രദിനം, കാർഗിൽ വിജയദിനം, സ്വാതന്ത്ര്യദിനം, രക്ഷാബന്ധൻ, സംസ്കൃതദിനം, കർഷകദിനം, ഓണാഘോഷം എന്നിവ വിദ്യാലയത്തിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ ആഘോഷിച്ചു. ചാന്ദ്രദിനത്തിൽ വിദ്യാലയത്തിൽ പ്രദർശനി ഒരുക്കി. കെജി വിഭാഗം കുട്ടികൾക്കായി ഫ്രൂട്സ് ആന്റ് വെജറ്റബിൾ ഡേ സംഘടിപ്പിച്ചു. പഴങ്ങളുടെയും പച്ചക്കറികളുടേയും എക്സിബിഷൻ ഇതിന്റെ ഭാഗമായി നടത്തി. ഫീൽഡ് ട്രിപ്പിന്റെ ഭാഗമായി വരന്തരപ്പിള്ളി പൊലീസ് സ്റ്റേഷൻ വിദ്യാർത്ഥികൾ സന്ദർശിച്ചു. നിയമവും നിയമലംഘനവും എന്തെന്ന് മനസിലാകുന്ന തരത്തിൽ സബ് ഇൻസ്പെക്ടർ കുട്ടികൾക്ക് വേണ്ട ബോധവത്ക്കരണം നൽകി. കളഞ്ഞ് കിട്ടിയ പണം അതിന്റെ ഉടമസ്ഥനെ തേടിപിടിച്ച് ഏല്പിച്ച് അഞ്ചാം ക്ലാസ് വിദ്യാർത്ഥി സൂര്യദേവ് വിദ്യാലയത്തിന്റെ അഭിമാനതാരമായി മാറി.

എല്ലാ വ്യാഴാഴ്ചകളിലും കരാട്ടെ, സംഗീതം, അബാക്കസ്, ചിത്രരചന, എന്നിവയിൽ വിദ്യാർത്ഥികൾക്ക് പ്രത്യേകം പരിശീലനം നൽകിവരുന്നു. വായനാദിനത്തോടനുബന്ധിച്ച് നവീകരിച്ച ലൈബ്രറിയുടെ പ്രവർത്തനം ആരംഭിച്ചു.

**മാനേജർ** — **തിലകൻ അയ്യഞ്ചിറ**

**പ്രിൻസിപ്പാൾ** — **രമാദേവി കെ**

## ജനത യു. പി. സ്കൂൾ, വരന്തരപ്പിള്ളി

**ഫോൺ 0480 2763858**

**Email:jupskulvarandarappilly@gmail.com**

ട്രസ്റ്റിന്റെ നാലാമത് സ്ഥാപനമായ ജനത സ്കൂളിൽ 5,6,7 ക്ലാസ്സുകളിൽ ഇംഗ്ലീഷ് - മലയാളം മീഡിയങ്ങളിലായി 122 കുട്ടികൾ പഠിക്കുന്നു. 7 അധ്യാപകരും ഒരു അനധ്യാപക ജീവനക്കാരനുമാണ് സ്ഥാപനത്തിൽ ഉള്ളത്.

നവാഗതരായ കുട്ടികളെ സമ്മാനങ്ങൾ നൽകികൊണ്ടാണ് വരവേറ്റത്. അമച്വർ മജീഷ്യൻ ആയ ശ്രീ സബിൻ നന്ദിപുലം അവതരിപ്പിച്ച മാജിക് ഷോ കുട്ടികൾക്ക് അത്ഭുതത്തിന്റെയും കൗതുകത്തിന്റെയും നിമിഷങ്ങളാണ് സമ്മാനിച്ചത്. പ്രവേശനോത്സവ പരിപാടിയോടനുബന്ധിച്ച് മഴക്കാല രോഗങ്ങളെ പറ്റി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ രാജേഷ്

ക്ലാസെടുത്തു.

പരിസ്ഥിതിദിനം ആഘോഷിച്ചു. പരിസ്ഥിതി സംരക്ഷണം എന്ന വിഷയത്തെ അടിസ്ഥാനമാക്കി പോസ്റ്റർ രചന, പ്രഭാഷണ മത്സരം എന്നിവ നടത്തി. വിദ്യാലയത്തിൽ വൃക്ഷതൈകൾ നടുകയും പൂന്തോട്ട നിർമ്മാണത്തിനു വേണ്ട തയ്യാറെടുപ്പുകൾ നടത്തുകയും ചെയ്തു. സുഗതകുമാരി, വള്ളത്തോൾ, ഒഎൻവി, കുഞ്ഞുണ്ണി, ചങ്ങമ്പുഴ, അയ്യപ്പപണിക്കർ, ആറ്റൂർ കൃഷ്ണ പിഷാരടി എന്നിവരുടെ പരിസ്ഥിതി കവിതകൾ കുട്ടികൾക്ക് പരിചയപ്പെടുത്തി. പാമ്പുകളുടെ പാരിസ്ഥിതിക പ്രാധാന്യം എന്ന വിഷയത്തെ അടിസ്ഥാനമാക്കി പ്രശസ്ത സ്നേക്ക് റെസ്ക്യൂ ആയ ശ്രീ ഹരി മതിലകം ക്ലാസ് നടത്തി.

**മാനേജർ** | **ഹെഡ്മിസ്ട്രസ്സ്**
**കെ. ആർ. ദിനേശൻ** | **കെ. രജനി**

## ഹരിശ്രീ വിദ്യാനികേതൻ പബ്ലിക് സ്കൂൾ, തുമ്പൂർ

ഫോൺ : 0480 2788858, 7356836957

**Email: harisreevidyanikethan@yahoo.com**

വിവേകാനന്ദ ട്രസ്റ്റിന്റെ ആറാമത് സ്ഥാപനമായി പ്രവർത്തനമാരംഭിച്ച ഹരിശ്രീ വിദ്യാനികേതൻ വിദ്യാലയത്തിൽ 11 ഡിവിഷനുകളിലായി 218 വിദ്യാർത്ഥികളും 19 അധ്യാപക അനധ്യാപകരും സേവനമനുഷ്ഠിക്കുന്നു. മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകികൊണ്ട് ഭാരതീയ വിദ്യാനികേതന്റെ പഞ്ചാംഗശിക്ഷണത്തിലൂടെ കുട്ടികളുടെ വ്യക്തിത്വവികസനവും ചതുർഭാഷ പഠനവും ഉറപ്പുവരുത്തുന്നു. വിദ്യാർത്ഥികളുടെ കഴിവനുസരിച്ചും അഭിരുചിക്കനുസരിച്ചും കോ കരിക്കുലർ ആക്ടിവിറ്റീസ് അഭ്യസിപ്പിക്കുന്നതോടെ വിവിധ തലങ്ങളിലേക്കുള്ള കുട്ടികളുടെ വികസനം നൂറു ശതമാനം സാധ്യമാക്കുവാൻ കഴിയുന്നു. സിബിഎസ്ഇ പാഠ്യപദ്ധതി പിന്തുടരുന്ന വിദ്യാലയം സിബിഎസ്ഇ അഫിലിയേഷനു വേണ്ടിയുള്ള കേരള സർക്കാർ എൻഒസി നേടികഴിഞ്ഞു. സിബിഎസ്ഇ അഫിലിയേഷൻ നേടിയെടുക്കാനുള്ള മറ്റുകാര്യങ്ങൾ ചെയ്തുവരുന്നു.

ഭാരതീയ വിദ്യാനികേതൻ തൃശ്ശൂർ ജില്ലാ ഫുട്ബോൾ മത്സരത്തിൽ രണ്ടാം സ്ഥാനവും സംസ്ഥാന ശാസ്ത്രമേളയിൽ വർക്കിംഗ് മോഡലിൽ ഒന്നാം സ്ഥാനവും വിദ്യാലയം സ്വന്തമാക്കി.

എന്റെ ഗ്രാമം സ്വാസ്ഥ്യ ഗ്രാമം എന്ന പദ്ധതിയുടെ ഭാഗമായി ഗ്രാമസമിതികളിലൂടെ യോഗാപരിശീലനം, ആരോഗ്യബോധവത്ക്കരണ ക്ലാസ്, പാരന്റിംഗ് ക്ലാസ്, രാമായണ ക്ലാസുകൾ എന്നിവ നടത്തിവരുന്നു. സമൂഹത്തിന്റെ സമസ്ത മേഖലകളിലും വ്യാപരിക്കുന്ന വിപത്തായി മാറിയിട്ടുള്ള ലഹരിയുടെ ഉപയോഗം തടയുന്നതിനായി യോദ്ധാവ് എന്ന പരിപാടിയുടെ ഭാഗമായി കുട്ടികൾക്ക് ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തി. അതിനുപുറമെ കുട്ടികളുടെ മാനസികവും ആരോഗ്യപരവുമായ വളർച്ചക്ക് വേണ്ടി കൗൺസലിംഗ് ക്ലാസുകളും, ഏതൊരു വെല്ലുവിളിയെയും നേരിടാൻ ബാലികാശിക്ഷൺ ക്ലാസുകളും വിദ്യാലയത്തിൽ നടത്തിവരുന്നു. കൂടാതെ കുട്ടികളിൽ ജീവിത മൂല്യങ്ങൾ ഊട്ടിയുറപ്പിക്കുന്നതിനായി പ്രധാനപ്പെട്ട ദിനങ്ങളായ വായനാദിനം, ഗുരുപൂജ, ഓണം, മാതൃപൂജ, അഖണ്ഡ ഭാരത ദിനം, സ്വാതന്ത്ര്യദിനം, രക്ഷാബന്ധൻ, രാമായണ മാസാചരണം, വയോജനദിനം, പരിസ്ഥിതിദിനം, ഗാന്ധിജയന്തി, വനിതാദിനം, ശിശുദിനം, റിപ്പബ്ലിക് ഡേ തുടങ്ങിയവ ഭംഗിയായി ആഘോഷിച്ചുവരുന്നു. ശിശുവാടിക കുട്ടികൾക്ക് വേണ്ടി കിഡ്സ് ഫെസ്റ്റ്, ഫ്രൂട്ട്സ് ഡേ, കളർ ഡേ, വെജറ്റബിൾ ഡേ തുടങ്ങിയ പരിപാടികളും നടത്തിവരുന്നു. ശിശുവാടികയിലെ രക്ഷാകർത്താക്കൾക്ക് വേണ്ടി സോപാനം ക്ലാസുകളും നടത്തി വരുന്നു. ഇതിനുപുറമെ ആർട്സ് ഡേ, സ്പോർട്സ് ഡേ, ആനുവൽ ഡേ, പാർലമെന്ററി ഇലക്ഷൻ എന്നിവയും വിദ്യാലയത്തിൽ നടത്തി വരുന്നു.

അദ്ധ്യാപകർ വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിച്ച് വിദ്യാർത്ഥികളുടെ ചുറ്റുപാടുകളും വീട്ടിലെ അന്തരീക്ഷവും മനസിലാക്കി അവർക്കുവേണ്ടതായ എല്ലാവിധ പിന്തുണയും നൽകി വരുന്നു. വളർന്ന് വരുന്ന തലമുറയെ ഭാരതാംബയുടെ മക്കളായി ജീവിക്കുവാൻ പ്രേരിപ്പിക്കുക എന്നതുവഴി സമത്വം, സാഹോദര്യം എന്നിവ ഊട്ടിയുറപ്പിക്കുക എന്നൊരു ലക്ഷ്യവും മുൻനിർത്തി വിദ്യാലയം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

\-

**മാനേജർ** | **പ്രിൻസിപ്പാൾ**
**പ്രദീപ് വർമ്മ** | **[illegible]**

## FORM NO. 10 B

(See rule 17B)

## AUDIT REPORT UNDER SECTION 12A (b) OF THE INCOME TAX ACT 1961, IN THE CASE OF CHARITABLE OR RELIGIOUS TRUSTS OR INSTITUTIONS.

We have examined the Balance sheet of VIVEKANANDA EDUCATIONAL AND CULTURAL CHARITABLE TRUST, AAATV4968J as at 31/03/2022 and the Profit and loss account for the year ended on that date which are in agreement with the books of accounts maintained by the said Trust.

We have obtained all the information and explanations, which to the best of our knowledge and belief were necessary for the purposes of audit. In our opinion, proper books of account have been kept by the Head office and the branches of the above named Trust visited by us so far as appears from our examination of the books, and proper Returns adequate for the purpose of audit have been received from branches not visited by us, subject to the comments given below.

In our opinion and to the best of our information, and according to information given to us, the said accounts give a true and fair view-

(i) In the case of the Balance sheet, of the state of affairs of the above named Trust as at 31st March 2022 and

(ii) In the case of profit and loss account, of the profit or loss of its accounting year ending on 31st March 2022.

**THRISSUR**
**21/09/2022**

| | |
|---|---|
| **Name** | **SURESH T A** |
| **Membership Number** | **205949** |
| **FRN (Firm Registration Number)** | **009612S** |
| **Address** | **MANNATH LANE, THRISSUR** |

VIVEKANANDA EDUCATIONAL AND CULTURAL CHARITABLE TRUST , KODAKARA

## CONSOLIDATED BALANCE SHEET AS ON 31.03.2022

| CAPITAL £ LIABILITIES | 31.03.2022 | 31.03.2021 |
|---|---|---|
| Capital Account | 10,000.00 | 2,30,88,056.75 |
| Reserve & Surplus | 3,51,94,126.15 | 67,09,120.99 |
| Government Grant | 68,664.00 | 1,33,364.00 |
| Secured loan | 1,36,03,771.07 | 1,90,03,876.76 |
| Un secured loan | 39,23,703.00 | 47,58,884.00 |
| Deposits | 12,25,179.00 | 14,86,679.00 |
| Current liabilities | 1,24,33,735.75 | 1,66,40,075.75 |
| **Total Rs** | **6,64,59,178.97** | **7,18,20,057.25** |
| **PROPERTIES & ASSETS** | **31.03.2022** | **31.03.2021** |
| Fixed assets | 6,36,35,220.23 | 696,07,789.34 |
| Deposits | 8,31,068.69 | 7,96,701.69 |
| Current assets & Loans & advances | | |
| A. Current assets | 19,74,706.05 | 11,61,749.22 |
| B. Loans & advances | 18,184.00 | 2,53,817.00 |
| **Total Rs** | **6,64,59,178.97** | **718,20,057.25** |

CHAIRMAN SECRETARY TREASURER

For SURESH NAIR AND ASSOCIATES

CHARTERED ACCOUNTANTS

SURESH T. A. FCA, DISA (ICAI)

(PARTNER)

(M.No.205949 FRN. :009612S)

THRISSUR
21/09/2022

**VIVEKANANDA EDUCATIONAL & CULTURAL CHARITABLE TRUST, KODAKARA**
**CONSOLIDATED INCOME AND EXPENDITURE ACCOUNT FOR THE YEAR ENDED ON 31.03.2022**

| | EXPENDITURE | AMOUNT | | INCOME | AMOUNT |
|---|---|---|---|---|---|
| To | Opening stock | 1,69,475.00 | By | Admission Fees | 11,82,500.00 |
| " | Advertisement | 49,750.00 | " | Application Fee | 46,850.00 |
| " | AMC | 22,458.00 | " | Bank Interest | 67,431.00 |
| " | Bank Charges | 39,420.10 | " | Digital Education Fee | 37,245.00 |
| " | Bike Expense | 11,145.00 | " | Donation | 15,44,649.00 |
| " | BVN Contribution | 35,600.00 | " | Communicative English Fee | 5,900.00 |
| " | Building Insurance | 15,582.00 | " | Interest on Income Tax Refund | 20,848.50 |
| " | Building & Land Tax | 20,857.00 | " | Loss of Pay | 13,880.00 |
| " | Building Fitness Expense | 74,070.00 | " | Mess fee | 5,45,150.00 |
| " | CBSE Affiliation Renewal | 18,365.00 | " | Other Income | 4,610.00 |
| " | Cleaning Expense | 4,279.00 | " | Special Fee | 87,56,835.00 |
| " | Computer Expense | 91,050.00 | " | Text book | 12,78,528.00 |
| " | Compound Fencing Expense | 26,150.00 | " | Tuition Fee | 3,15,86,428.00 |
| " | Coolie & daily wages | 63,150.00 | " | Vidhya Suraksha Nidhi | 8,17,507.00 |
| " | Digital Education | 2,73,750.00 | " | Vehicle Fee | 15,31,365.00 |
| " | Electrical Maintenance | 76,844.00 | " | Welfare Fee | 1,23,638.00 |
| " | Electricity Charges | 2,69,287.00 | " | Membership Fee | 5,000.00 |
| " | ESI & PF | 27,10,053.00 | " | Closing stock | 1,07,789.00 |
| " | Food Expenses-Hostel | 3,16,064.00 | | (As valued & Certified | |
| " | Fire & Safety expense | 11,686.00 | | by the secretary) | |
| " | Filing Charge | 20,000.00 | | | |
| " | Fees Concession & Discount | 20,18,381.00 | | | |
| " | Gratuity | 1,70,000.00 | | | |
| " | Garden expense | 38,500.00 | | | |
| " | Generator expense | 34,757.00 | | | |
| " | Loan Interest & Charges | 12,47,943.00 | | | |
| " | Internet Expense | 64,773.00 | | | |
| " | ISO Expense | 8,500.00 | | | |
| " | Lab Expense | 38,186.00 | | | |
| " | Medical Expense | 8,985.00 | | | |
| " | Meeting Expense | 16,329.00 | | | |
| " | Miscellaneous Expense | 3,580.00 | | | |
| " | Milk Expense | 19,100.00 | | | |
| " | News paper & Periodicals | 7,650.00 | | | |
| " | NIOS Affiliation Expense | 21,700.00 | | | |
| " | Other Programme Expense | 1,85,402.00 | | | |
| " | Online Class Expense | 48,082.00 | | | |
| " | Plumbing Expense | 920.00 | | | |
| " | Postage | 7,484.00 | | | |
| " | Printing & Stationery | 3,42,217.00 | | | |
| " | Painting Expense | 31,150.00 | | | |

| EXPENDITURE | | AMOUNT | INCOME | AMOUNT |
|---|---|---|---|---|
| " | Proffessional charges | 6,500.00 | | |
| " | Proffessional Tax | 2,500.00 | | |
| " | Rent | 36,500.00 | | |
| " | Repairs & Maintenance | 3,46,044.00 | | |
| " | Salary & Allowance | 2,23,80,471.00 | | |
| " | Software Expense | 11,900.00 | | |
| " | Staff Welfare Expense | 1,73,121.98 | | |
| " | Telephone Charge | 23,206.00 | | |
| " | Text Book | 11,02,255.00 | | |
| " | Travelling Expense | 59,192.00 | | |
| " | TV Expense | 3,000.00 | | |
| " | Audit fee | 47,200.00 | | |
| " | Vehicle Expense | 17,30,561.00 | | |
| " | Vehicle Hiring | 4,550.00 | | |
| " | Vehicle Loan Interest | 3,49,122.00 | | |
| " | Water Charges | 237.90 | | |
| " | Website Expense | 30,500.00 | | |
| " | Depreciation | 73,29,670.11 | | |
| " | Excess of Income over Expenditure | 54,06,948.41 | | |
| **Total Rs.** | | **4,76,76,153.50** | **Total Rs.** | **4,76,76,153.50** |

**CHAIRMAN** **SECRETARY** **TREASURER**

**For SURESH NAIR AND ASSOCIATES**

**CHARTERED ACCOUNTANTS**

**SURESH T. A. FCA, DISA (ICAI)**
**(PARTNER)**

**(M.No.205949 FRN. :009612S)**

**THRISSUR**

**21/09/2022**



വിവേകാനന്ദ വിദ്യാനികേതനിലെ സ്വാതന്ത്ര്യദിനാഘോഷം



ഹരിശ്രീ വിദ്യാനികേതനിലെ കലാമേള വാദ്യകലാകാരനും സംസ്കൃത അധ്യാപകനുമായ ശ്രീ. വി. ആർ. ദിനേശൻ ഉദ്ഘാടനം ചെയ്യുന്നു.



ട്രസ്റ്റിലെ അധ്യാപകർക്ക് വേണ്ടി സംഘടിപ്പിച്ച പരിശീലന ക്യാമ്പ്



സരസ്വതി വിദ്യാനികേതനിൽ ജനം ടിവി സംഘടിപ്പിച്ച ലഹരി വിരുദ്ധ ക്യാമ്പയിൻ



ശ്രീരാമകൃഷ്ണ സ്കൂൾ കലാമേള മേളകലാകാരൻ ശ്രീ. കൊടകര ഉണ്ണി ഉദ്ഘാടനം ചെയ്യുന്നു.



വിവേകാനന്ദ വിദ്യാനികേതനിലെ നവീകരിച്ച ലൈബ്രറി.



ഹരിശ്രീ വിദ്യാനികേതനിലെ ശാസ്ത്രമേളയുടെ ഉദ്ഘാടനം അമേരിക്കൻ മാത്തമാറ്റിക്സ് അസ്സോസിയേഷൻ മെമ്പറും, ബാങ്ക് ഓഫ് ബറോഡ റിട്ട. സീനിയർ മാനേജരുമായ ശ്രീ. ടി. എൻ. രാമചന്ദ്രൻ നിർവ്വഹിക്കുന്നു.



ശ്രീരാമകൃഷ്ണ വിദ്യാനികേതനിലെ ഗ്രാമസമിതികളിലെ രാമായണ മാസാചരണം ശ്രീ. സുനിൽ മടവാക്കര ഉദ്ഘാടനം ചെയ്യുന്നു.



സരസ്വതി വിദ്യാനികേതനിലെ സ്വാതന്ത്ര്യദിനാഘോഷം

# ഡയറക്ടർ ബോർഡ്



**പി. ഇ. ബി. മേനോൻ**
രക്ഷാധികാരി



**പി.എസ്. ശ്രീരാമൻ**
രക്ഷാധികാരി, 9447121513



**എൻ.പി. മുരളി**
ചെയർമാൻ
9142920765



**ടി.സി. സേതുമാധവൻ**
സെക്രട്ടറി
9447021107



കെ.എസ്. സുഗേഷ്
ട്രഷറർ
9447044512



ഡോ. ഡി. പ്രഭാകരൻ നായർ
വൈസ്ചെയർമാൻ
9745048894



ശ്രീ. തിലകൻ അയ്യഞ്ചിറ
ജോയന്റ് സെക്രട്ടറി
9745866687



വി. വി. രാജേഷ്
ജോയന്റ് സെക്രട്ടറി
9846086651



എം വേണുമാസ്റ്റർ
ഭാവിനി പ്രതിനിധി
9447870705



എൻ. പി. ശിവൻ
എക്സി. ഡയറക്ടർ
9447021281



എ. ജി. ബാബു
എക്സി. ഡയറക്ടർ
9895704717



പി. പി. രാധാകൃഷ്ണൻ
ഡയറക്ടർ
9447728921



എം. പി. നന്ദകുമാർ
ഡയറക്ടർ
9846870123



കെ. ആർ. ദിനേശൻ
ഡയറക്ടർ
9447038470



എം കൃഷ്ണകുമാർ
ഡയറക്ടർ
9447834109



എം.വി. വിനോദ്
പ്രത്യേക ക്ഷണിതാവ്
7736067418



സരസ്വതി വിദ്യാനികേതൻ സെൻട്രൽ സ്കൂൾ, പേരാമ്പ്ര



ശ്രീരാമകൃഷ്ണ വിദ്യാനികേതൻ പബ്ലിക് സ്കൂൾ, നന്തിക്കര



വിവേകാനന്ദ വിദ്യാനികേതൻ സെൻട്രൽ സ്കൂൾ, വരന്തരപ്പിള്ളി




ജനത യു പി സ്കൂൾ, വരന്തരപ്പിള്ളി



ഹരിശ്രീ വിദ്യാനികേതൻ പബ്ലിക് സ്കൂൾ, ആലൂർ



സ്വാമി വിവേകാനന്ദ ഹോസ്റ്റൽ, പേരാമ്പ്ര